**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **11-09-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വകുപ്പിന്റെ 25.03.2017ലെ 160/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 4.5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി നടപ്പാക്കാനായി ഹാർബർ എൻജിനീയറിങ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ആദ്യഘട്ടത്തിന് 91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ബീച്ചുകളിലെ നിർമാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്ന് സ്ഥല ഉപയോഗത്തിനുള്ള അനുമതിയും ചാപ്പ, പുതുവൈപ്പ് ബീച്ചുകളിലെ നിർമാണങ്ങൾക്ക് കൊച്ചി തുറമുഖ ട്രസ്റ്റിന്റെ നിരാക്ഷേപപത്രവും (NOC) ആവശ്യമായിരുന്നെങ്കിലും NOC ലഭിച്ചില്ല.<br><br>എന്നാൽ മുനമ്പം ബീച്ചിൽ CRZ അനുമതി ആവശ്യമില്ലാതിരുന്നതിനാൽ അവിടെ പദ്ധതി പൂർത്തിയായി. മറ്റിടങ്ങളിൽ CRZ, പ്രത്യേക സാമ്പത്തിക മേഖല (SEZ) അനുമതികൾ ലഭിക്കാത്തതിനാൽ പദ്ധതി പൂർത്തിയാക്കാനായിട്ടില്ല.<br><br>CRZ നിയമപ്രകാരം അനുവദനീയമായ ഘടകങ്ങൾ ഉൾപ്പെടുത്തി കേരള ഇലക്ട്രിക്കൽ & എൻജിനീയറിങ് കമ്പനി ലിമിറ്റഡിനോട് (KEL) പദ്ധതി രേഖ പുതുക്കുന്നതിനു നിർദേശിച്ചിരുന്നു. വിശദ പദ്ധതി രേഖ സർക്കാരിൽ ലഭ്യമാവുന്ന മുറയ്ക്ക് ആയതു പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.ഇ.എൽ. പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കെ.ഇ.എൽ. എന്നാണ് പ്രൊപ്പോസൽ സമർപ്പിച്ചതെന്നും തുക എത്രയെന്നും അറിയിക്കാമോ; | (ബി) | വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി നടപ്പാക്കാനായി ഹാർബർ എൻജിനീയറിങ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ആദ്യഘട്ടത്തിന് 91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ബീച്ചുകളിലെ നിർമാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്ന് സ്ഥല ഉപയോഗത്തിനുള്ള അനുമതിയും ചാപ്പ, പുതുവൈപ്പ് ബീച്ചുകളിലെ നിർമാണങ്ങൾക്ക് കൊച്ചി |

| | | | |
|---|---|---|---|
| | | | **തുറമുഖ ട്രസ്റ്റിന്റെ നിരാക്ഷേപപത്രവും (NOC) ആവശ്യമായിരുന്നെങ്കിലും NOC ലഭിച്ചില്ല.**<br><br>**എന്നാൽ മുനമ്പം ബീച്ചിൽ CRZ അനുമതി ആവശ്യമില്ലാതിരുന്നതിനാൽ അവിടെ പദ്ധതി പൂർത്തിയായി. മറ്റിടങ്ങളിൽ CRZ, പ്രത്യേക സാമ്പത്തിക മേഖല (SEZ) അനുമതികൾ ലഭിക്കാത്തതിനാൽ പദ്ധതി പൂർത്തിയാക്കാനായിട്ടില്ല.**<br><br>**CRZ നിയമപ്രകാരം അനുവദനീയമായ ഘടകങ്ങൾ ഉൾപ്പെടുത്തി കേരള ഇലക്ട്രിക്കൽ & എൻജിനീയറിങ് കമ്പനി ലിമിറ്റഡിനോട് (KEL) പദ്ധതി രേഖ പുതുക്കുന്നതിനു നിർദേശിച്ചിരുന്നു. വിശദ പദ്ധതി രേഖ സർക്കാരിൽ ലഭ്യമാവുന്ന മുറയ്ക്ക് ആയതു പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.** |
| (സി) | പ്രൊപ്പോസലിന് അംഗീകാരം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണമെന്തെന്നും എന്നത്തേക്ക് ബീച്ച് കോറിഡോർ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (സി) | **വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി നടപ്പാക്കാനായി ഹാർബർ എൻജിനീയറിങ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ആദ്യഘട്ടത്തിന് 91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ബീച്ചുകളിലെ നിർമാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്ന് സ്ഥല ഉപയോഗത്തിനുള്ള അനുമതിയും ചാപ്പ, പുതുവൈപ്പ് ബീച്ചുകളിലെ നിർമാണങ്ങൾക്ക് കൊച്ചി തുറമുഖ ട്രസ്റ്റിന്റെ നിരാക്ഷേപപത്രവും (NOC) ആവശ്യമായിരുന്നെങ്കിലും NOC ലഭിച്ചില്ല.**<br><br>**എന്നാൽ മുനമ്പം ബീച്ചിൽ CRZ അനുമതി ആവശ്യമില്ലാതിരുന്നതിനാൽ അവിടെ പദ്ധതി പൂർത്തിയായി. മറ്റിടങ്ങളിൽ CRZ, പ്രത്യേക സാമ്പത്തിക മേഖല (SEZ) അനുമതികൾ ലഭിക്കാത്തതിനാൽ പദ്ധതി പൂർത്തിയാക്കാനായിട്ടില്ല.**<br><br>**CRZ നിയമപ്രകാരം അനുവദനീയമായ ഘടകങ്ങൾ ഉൾപ്പെടുത്തി കേരള ഇലക്ട്രിക്കൽ & എൻജിനീയറിങ് കമ്പനി ലിമിറ്റഡിനോട് (KEL) പദ്ധതി രേഖ പുതുക്കുന്നതിനു നിർദേശിച്ചിരുന്നു. വിശദ പദ്ധതി രേഖ സർക്കാരിൽ ലഭ്യമാവുന്ന മുറയ്ക്ക് ആയതു പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ